കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

www.lfa.kerala.gov.in

# മങ്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി17/2430/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 12.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മങ്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി17/2430/2018 തിയ്യതി: 12.02.2019

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്)

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 16.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.2018 മുതൽ 28.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പ്രേമാനന്ദ്. എസ് | ഓഡിറ്റ് ഓഫീസർ |
| | ബിജുആന്റണി.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജിജീഷ്. എ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജിൻസി.എസ് | 01.04.17 മുതൽ 31.03.18വരെ |
| സെക്രട്ടറി | ശ്രീ. ജയദാസ്.കെ | 01.04.17 മുതൽ 25.04.18 വരെ |
| | ശ്രീ.സുരേഷ്ബാബു.എസ് (അസി. സെക്രട്ടറി) | 26.04.17 മുതൽ 16.06.17 വരെ |
| | ശ്രീമതി.കെ.എ. കാഞ്ചന (ഹെഡ് ക്ലാർക്ക്) | 17.03.17 മുതൽ 27.6.17 വരെ |
| | ശ്രീമതി. രജിനി.കെ.എം | 28.06.17 മുതൽ 13.09.17 വരെ |
| | ശ്രീ. ജയദാസ്.കെ | 14.09.17മുതൽ 31.03.18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.സുരേഷ്ബാബു.എസ് | 01.04.17 മുതൽ 16.06.17 വരെ |
| | ശ്രീമതി. രജിനി.കെ.എം | 28.06.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ. | ശ്രീ. ജിമ്മി ജോർജ്ജ് | 01.04.17 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റഷീദ ബീഗം | 01.04.17 മുതൽ 19.07.17വരെ |
| | ശ്രീമതി. സ്മിത സാമുവൽ | 20.07.17 മുതൽ 31.03.18വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. എം. സുമംഗല | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | ഡോ. ദീപ്തി ജോസഫ് | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഫാത്തിമ രഹ്ന | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ശ്രീ.ഡോ.പ്രഭാത്. എ | 01.04.17 മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീ. ഹരി | 01.04.17 മുതൽ 21.07.17വരെ |
| | ഡോ.സൗമ്യ വിജയകുമാർ | 22.07.17 മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഹൈമാവതി | 01.04.17 മുതൽ 31.03.18വരെ |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.സഫീർ എസ്. | 01.04.17മുതൽ 26.05.17 വരെ |
| | ശ്രീമതി. ഷിജി | 27.05.17 മുതൽ 28.06.17 വരെ |
| | ശ്രീമതി. റാണി | 29.06.17 മുതൽ 19.08.17 വരെ |
| | ശ്രീമതി. ഷിജി | 20.08.17 മുതൽ 06.10.17 വരെ |
| | ശ്രീ. പി.എം.ദേവപ്രസാദ് | 07.10.17 മുതൽ 31.03.18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28/03/2017തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24/03/2018തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.05.2018 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|---|
| 2017-18 | 29.06.2018 & 30.06.2018 | നം.കെ.എസ്.എ-പികെഡി.21/1904(53) തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12983935 |
| വരവ് | 73280280 |
| ആകെ | 86264215 |
| ചെലവ് | 77104885 |
| നീക്കിയിരിപ്പ് | 9159330 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10626000 | 10626000 | 8255424 | 2370576 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9841009 | 9841009 | 5885543 | 3955466 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 8996 | 8996 | 0 | 8996 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8791000 | 8791000 | 6208352 | 2582648 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2430427 | 160573 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4989641 | 4989641 | 4529729 | 459912 |
| കെ.എൽ.എസ്. ജി.ഡി.പി (Central Share) | | 0 | 1176749 | 1176749 | 782000 | 394749 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 14672 | 14672 | 0 | 14672 |
| സാക്ഷരത | | 3381 | 252 | 3633 | 126 | 3507 |
| ദുരിതാശ്വാസനിധി | | 84920. | 0 | 84920. | 3000 | 81920 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18189176 | 18189176 | 18189176 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 104187 | 809666 | 913853 | 909274 | 4579 |
| കേന്ദ്രാവിഷ്കൃത | BRGF | 162930 | 0 | 162930 | 0 | 162930 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ | WGDP | 0 | 4657500 | 4657500 | 4657500 | 0 |
| | ICDS | 1432087 | 736670 | 2168757 | 734443 | 1434314 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | തൊഴിൽരഹിത വേതനം | 0 | 48720 | 48720 | 48720 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 5380200 | 5380200 | 5380200 | 0 |
| | വിധവാപെൻഷൻ | 0 | 7427800 | 7427800 | 7427800 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 16833300 | 16833300 | 16833300 | 0 |
| | വികലാംഗപെൻഷൻ | 0 | 2117100 | 2117100 | 2117100 | 0 |
| | അവിവാഹിത പെൻഷൻ | 0 | 859700 | 859700 | 859700 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 46875 | 1861524 | 1908399 | 1308399 | 600000 |
| | ജില്ലാ പഞ്ചായത്ത് | 0 | 150000 | 150000 | 150000 | 0 |
| ജലനിധി | | 3611459 | 24649461 | 28260920 | 22802020 | 5458900 |
| ഗ്രാമവനം | | 100857 | 0 | 100857 | 2769 | 98088 |
| ഹരിയാലി | | 23361 | 2614 | 25975 | 0 | 25975 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്1 | 2777 | 13457 | 16234 | 13457 | 2777 |
| | ബാങ്ക് അക്കൗണ്ട്2 | 14837 | 1737293 | 1752130 | 310341 | 1441789 |
| | ബാങ്ക് അക്കൗണ്ട്3 | 3272060 | 3880629 | 7152689 | 6566254 | 586435 |
| | ട്രഷറി അക്കൗണ്ട് | 5642462 | 6442000 | 12084462 | 10629102 | 1455360 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 125 | 62560264 | 81 | 30317072 | 44 | 64.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. 139/18: എ.ഇ. ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ:

പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും 61,079/- വകയിരുത്തി 16-17 മുതൽ സ്പിൽ ഓവർ ആയി തുടർന്നു വരുന്ന ഈ പദ്ധതി, ഓഫീസിലേക്ക് പുതിയ ഉപകരണങ്ങൾ ആവശ്യമില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/24.09.2018) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്.

2. 147/18: പഞ്ചായത്ത് ഓഫീസ് നവീകരണം:

പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും ₹.4,00,000/- വകയിരുത്തിയ ഈ പദ്ധതി 2016-17 മുതൽ സ്പിൽ ഓവർ ആയി തുടർന്നു വരികയാണ്. നിലവിൽ പഞ്ചായത്ത് ഓഫീസിൽ നവീകരണ പ്രവൃത്തികൾ ആവശ്യമില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ലെന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/24.09.2018) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചത്.

പദ്ധതി ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ വാങ്ങിയ ശേഷം ഉപേക്ഷിക്കുന്നത് ഉചിതമായ നടപടിയല്ല. പദ്ധതി ആസൂത്രണം മുതൽ തന്നെ പദ്ധതി മാർഗനിർദ്ദേശ പ്രകാരമുള്ള നടപടികൾ പാലിച്ചാവുമ്പോൾ ആവശ്യമില്ലാത്ത പദ്ധതികൾക്കായി മനുഷ്യാദ്ധ്വാനം ചെലവഴിക്കുന്നതും തുക മാറ്റിവെക്കുന്നതും ഒഴിവാക്കാനാവും.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 104186.15 | 809666 | 913852.15 | 909274 | 4578.15 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18863839 | 18863839.00 | 18863839 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48720.00 | 81 |
| കർഷക തൊഴിലാളി പെൻഷൻ | 5380200.00 | 1251 |
| വിധവാ പെൻഷൻ | 7427800.00 | 625 |
| വാർദ്ധക്യകാല പെൻഷൻ | 16833300.00 | 446 |
| വികലാംഗ പെൻഷൻ | 2117100.00 | 202 |
| അവിവാഹിത പെൻഷൻ | 859700.00 | 69 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 18.09.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,698/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

2016-17ൽ ലഭ്യമായ ISO സർട്ടിഫിക്കറ്റ് ഓഡിറ്റ് വർഷവും പുതുക്കി ലഭിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിന് കുറ്റമറ്റ ഒരു സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഇല്ല. റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്ത് പാസാക്കിയിട്ടുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമയ്ക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

വസ്തുനികുതി - 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയും സഞ്ചയയിലെ 2017-18 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.
സംസ്ഥാന - കേന്ദ്ര ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. Day Bookന്റെ പ്രിന്റ് ഔട്ടിൽ ഫ്രണ്ട് ഓഫീസിന്റെ ചുമതലയുള്ള ക്ലാർക്ക്, ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്ക്, അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ ഒപ്പുവെക്കുന്നുണ്ട്.

ആയിരം രൂപയ്ക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറിയാണ് ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല.

ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താറുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്.

എല്ലാ കളക്ഷനുകളും ഡേ ബുക്ക്, കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് എന്നീ ഇനങ്ങളിൽ ഡി.സി.ബി. കൂടി രേഖപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്വേർ നിലവിലുണ്ട്. സഞ്ചയ സോഫ്റ്റ്വേറിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടാക്സുകൾ നിയമപ്രകാരമുള്ള നിരക്കുകളിൽ തന്നെയാണ് ഈടാക്കുന്നത്. ടാക്സ് അസസ്സ്മെന്റുകൾ മേൽ പരിശോധന

നടത്താൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പു വെക്കുന്നുണ്ട്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് പ്ലാൻ, എന്നിവ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ഓഫീസ് ഉപയോഗത്തിനുള്ള സാധനങ്ങളുടെ കാര്യത്തിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി അത്യാവശ്യ സാധനങ്ങൾ മാത്രം വാങ്ങി ഉപയോഗിച്ചത് തനതു ഫണ്ടിന്റെ ചെലവ് ചുരുക്കാൻ സഹായിച്ചിട്ടുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നശിച്ചു പോകുന്നതിന് മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

WINDOWS-IKM സോഫ്റ്റ്വെയറുകൾ ആണ് സ്ഥാപനത്തിൽ ഉപയോഗിച്ചു വരുന്നത്. സഞ്ചയ സോഫ്റ്റ്വെയറിൽ updation നടക്കുമ്പോൾ നിലവിലുള്ള data സുരക്ഷിതമായി നിലനിൽക്കുന്നില്ല എന്ന പ്രശ്നം ഉണ്ട്. വരവു ഭാഗവുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റവെയറുമായി Link ചെയ്തിരിക്കുന്നത് വസ്തുനികുതിക്കു വേണ്ടി തയ്യാറാക്കിയ ഒരു സോഫ്റ്റ് വെയർ മാത്രമാണ്. ബഡ്ജറ്റും സാംഖ്യയുമായി Link ചെയ്തിരിക്കുന്ന സോഫ്റ്റ് വെയർ ഉണ്ടെങ്കിൽ വരവു ചെലവുകളിൻമേൽ നിയന്ത്രണം എളുപ്പത്തിൽ സാദ്ധ്യമാവും. എല്ലാ നികുതിയിനങ്ങളും Online ആയി അടക്കാനുള്ള സംവിധാനവും, ആവശ്യമായ

സർട്ടിഫിക്കറ്റുകൾ Online ആയി Generate ചെയ്യുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാവാൻ സഹായകരമാവും. ഇപ്പോൾ Onlineൽ ലഭ്യമാവുന്ന സേവനങ്ങൾ സംബന്ധിച്ച് ഗ്രാമസഭ മുഖേന ജനങ്ങളെ ബോധ്യപ്പെടുത്തുകയും ആവശ്യമെങ്കിൽ പരിശീലനം നൽകുകയും ചെയ്യാവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.18 to 13.08.2018 | ജൂലൈ 2018 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.5.06 to 20.5.06 | 1997-98 മുതൽ 2005-06 വരെ | 23.6.2006 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞ അപാകതകൾ പരിഹരിച്ചിട്ടില്ല. കെ എസ് ഇ ബി-ക്ക് മുൻകൂറായി നൽകിയ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടില്ല (ഖണ്ഡിക 4-2 കാണുക).

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് നടപടി ക്രമങ്ങൾ പാലിച്ച് ബഡ്ജറ്റ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ഡിസംബർ അവസാന വാരം തന്നെ പഞ്ചായത്തിന്റെ കീഴിലുള്ള ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും തൻ വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.
2. സെക്രട്ടറി ഉൾപ്പെടെയുള്ള ഓഫീസ് തലവന്മാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത്

തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ മങ്കര ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ 2.12.2016ലെ സർക്കാർ ഉത്തരവ് (സാധാ) നം.3291/2016/ത.സ്വ.ഭ.വ ബഡ്ജറ്റ് മാന്വൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും സമയക്രമവും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി അപാകതകൾ പരിഹരിക്കേണ്ടതാണ്

എ) തൊഴിൽനികുതി കുറവായി അടവാക്കി

| സ്ഥാപനം | പേര് | അർദ്ധ വാർഷിക വരുമാനം | അടവാക്കിയത് | അടവാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| അമ്മിണി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | സുനിൽ.എൻ (ക്രമ നം 30, ഒന്നാം അർദ്ധ വർഷം) | 130500 | 1000 | 1250 | 250 |

കുറവു വന്ന തുകയായ 250/- രൂപ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | അമ്മിണി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 2 |
| 2 | എം/എസ് കം ട്രസ്റ്റ് | 2 |
| 3 | എം/എസ് ആങ്കർ സ്ട്രക്ചറൽസ് | 2 |
| 4 | ശാരദ ഓഡിറ്റോറിയം | 2 |
| 5 | പൂലോടി ക്ഷീര സഹകരണ സംഘം | 2 |
| 6 | ഇൻഡസ് മോട്ടോർ കൊ പ്രൈവറ്റ് ലിമിറ്റഡ് | 1&2 |
| 7 | നിയമത്ത് ആട്ടോ ടെക് | 1&2 |
| 8 | കെ വി വി സൂപ്പർ ബാസാർ | 1&2 |

താഴെ പറയുന്ന സ്ഥാപനങ്ങൾ/ട്രേഡേഴ്സിൽ നിന്നുള്ള സ്ഥാപന നികുതി അടവാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എം/എസ് ആങ്കർ സ്ട്രക്ചറൽസ് | 2 |
| 2 | ശാരദ ഓഡിറ്റോറിയം | 2 |

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ബെസ്റ്റ് ഫ്യുവൽസ്,എച്ച് പി സി ഡീലേഴ്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായ 3750/- രൂപ 24-9-18 ലെ 11823010519 രശീതി പ്രകാരവും സ്ഥാപന നികുതിയായ 1250/-രൂപ 24-9-18 ലെ 118030101520 രശീതി പ്രകാരവും അടവാക്കിയിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപനനികുതി അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി)കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിൽ 2017-18 വർഷത്തിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1. സി.എം ബഷീർ,പി ഡബ്ല്യു ഡി കോൺട്രാക്ടർ,മാങ്കുറുശ്ശി
2. വിവേകാനന്ദൻ.പി,പി ഡബ്ല്യു ഡി കോൺട്രാക്ടർ,ചെറായ,കോങ്ങാട്
3. ബിനുക്കുട്ടൻ.ജി,പി ഡബ്ല്യു ഡി കോൺട്രാക്ടർ,മുണ്ടൂർ

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അബ്ദുൾ മുത്തലീഫ്, പി ഡബ്ല്യു ഡി കോൺട്രാക്ടർ, മാങ്കുറുശ്ശി എന്ന കരാറുകാരന്റെ തൊഴിൽ നികുതിയായ 2500/- രൂപ 26-9-18 ലെ 118030101552 എന്ന രശീതി പ്രകാരവും രമേഷ്.വി.ആർ, പി ഡബ്ല്യു ഡി കോൺട്രാക്ടർ, മാങ്കുറുശ്ശി എന്ന കരാറുകാരന്റെ തൊഴിൽ നികുതിയായ 2500/- രൂപ 26-9-18 ലെ 118030101551 എന്ന രശീതി പ്രകാരവും അടവാക്കി. തൊഴിൽ നികുതി അടച്ചിട്ടില്ലാത്ത മേൽ പ്രസ്താവിച്ച കരാറുകാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

# 2-3 ഡി&ഒ ലൈസൻസ് പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

എ)ഡി&ഒ ലൈസൻസ് ഫീ ഭേദഗതി ഭരണസമിതി ചർച്ച ചെയ്തിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് ഏകീകരണവും വർദ്ധനയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ജി.ഒ(പി)80/17/തസ്വഭവ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ഒരു ദിവസത്തെ മൊത്തം വിറ്റു വരവിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മോൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

എന്നാൽ ടി ഭേദഗതി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയോ ഭരണസമിതിയോ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. 2018-19 ൽ മുൻകൂർ ആയി ലൈസൻസ് അനുവദിക്കുന്ന സമയത്ത് പഴയ നിരക്കിലുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്. ഇതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. പുതിയ നിരക്കിലുള്ള ലൈസൻസ് ഫീ അടവാക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബി)ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

| ക്രമ നം | ഡി&ഒ രജിസ്റ്ററിലെ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | വിറ്റു വരവ് | അടവാക്കാവുന്ന തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1 | പി.ദീപുരാജ് | ശ്രീകൃഷ്ണ ബേക്കറി | 20000 | 500 | 100 | 400 |

ശ്രീമതി.മിനി.എം.പി (ബെസ്റ്റ് ഫ്യുവൽസ്),ശ്രീമതി സീന ഉണ്ണി(ഫ്ലോർ വേൾഡ്) എന്നിവരിൽ നിന്നും യഥാക്രമം 2000/-,800/- രൂപ കുറവായാണ് അടവാക്കിയിരുന്നത്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 24-9-18ലെ 118030101521 രശീതി പ്രകാരം ശ്രീമതി.മിനി.എം.പി(ബെസ്റ്റ് ഫ്യുവൽസ്)യിൽ നിന്നും 2000/- രൂപയും25-9-18ലെ 118030101531 രശീതി പ്രകാരം ശ്രീമതി സീന ഉണ്ണി(ഫ്ലോർ വേൾഡ്) 800/- രൂപയും അടവാക്കി.

സി)അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾക്കെതിരേയും ഇറച്ചിക്കടകൾക്കെതിരേയും നടപടി സ്വീകരിക്കേണ്ടതാണ്

1. 2017-18 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.ടി സ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ചട്ടലംഘനം നടത്തി പ്രവർത്തിക്കുന്നവയ്ക്കതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഉദാ- കെ എം ചിക്കൻ സ്റ്റാൾ

2. 30.08.17 ലെ ഭരണസമിതി മിനുട്ട്സ് അജണ്ട 3 തീരുമാനം 2 പ്രകാരം മങ്കര വെള്ളറോഡിൽ പ്രവർത്തിക്കുന്ന ആട് ഇറച്ചിക്കട സമീപവാസികൾക്ക് രോഗം പരത്തുന്ന കേന്ദ്രമായി മാറിയതിനെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്.ടി സ്ഥാപനം ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. ടി സ്ഥാപനത്തിനെതിരെ നടപടികൾ എടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും)ചട്ടങ്ങൾ ,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 230 എന്നിവ പ്രകാരം വിൽപ്പനയ്ക്കായി ഇറച്ചി കച്ചവടം ചെയ്യുമ്പോൾ അത് പൊതു കശാപ്പുശാലയിൽ വച്ചോ വകുപ്പ് 230പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കശാപ്പ് ശാലയിൽ വച്ചോ മാത്രമേ കശാപ്പ് ചെയ്യാൻ പാടുകയുള്ളൂ.

ഡി)മുഴുവൻ സ്ഥാപനങ്ങളേയും ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്

കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിൽ മങ്കര ഗ്രാമപഞ്ചായത്തിൽ ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമായി ലഭിച്ച അപേക്ഷകളുടെ

എണ്ണം താഴെ കൊടുക്കുന്നു(ഡി&ഒ രജിസിറ്റർ പ്രകാരം).

| 2016-17 | 2017-18 |
|---|---|
| 237 | 216 |

2017-18 സാമ്പത്തിക വർഷത്തിൽ 2016-17 സാമ്പത്തിക വർഷത്തേക്കാളും 21 ലൈസൻസ് അപേക്ഷകൾ കുറവായാണ് ലഭിച്ചിരിക്കുന്നത്. കുറച്ച് സ്ഥാപനങ്ങൾ നിർത്തിപ്പോയിട്ടുണ്ടാകാമെങ്കിലും ലൈസൻസ് എടുക്കാതെയും പുതുക്കാതെയും നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക ഇടയാക്കുന്നു. ലൈസൻസ് പരിധിയിൽ വരേണ്ട സ്ഥാപനങ്ങൾ ചട്ട പ്രകാരം വർഷാവർഷങ്ങളിൽ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് ക്യാരി ഓവർ ചെയ്യേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. പുതുതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ വ്യാപാരാവശ്യത്തിനുള്ളതാണെങ്കിൽ ടി സ്ഥാപനങ്ങൾ അപ്പോൾ തന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ മങ്കര പഞ്ചായത്തിൽ വസ്തുനികുതി പിരിവ് ഊർജ്ജിതമായി നടത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായി നിലനിൽക്കുന്നു. കുടിശ്ശിക തുകകൾ അടവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം 11 ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. കുടിശ്ശിക തുകകൾ എത്രയും പെട്ടെന്ന് അടവാക്കി വസ്തു നികുതി പിരിവ് 100% ആക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ടവർ | 2017-18വർഷം വരെയുള്ള കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 5 | 488 | ബി.എസ്.എൻ.എൽ | 6300/- |
| 2 | 6 | 5 | ബി.എസ്.എൻ.എൽ | 20665/- |
| 3 | 6 | 438 | റിലയൻസ് | 10500/- |
| 4 | 7 | 498 | ബി.എസ്.എൻ.എൽ | 19690/- |
| 5 | 7 | 498 | ബി.എസ്.എൻ.എൽ | 6240/- |
| 6 | 14 | 370 | ബി.എസ്.എൻ.എൽ | 14440/- |

## 2-5 ഹോംസ്റ്റേ നടത്തുന്ന കെട്ടിടം പരിശോധിച്ച് അയുർവേദ സുഖചികിത്സ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

മങ്കര ഗ്രാമപഞ്ചായത്തിൽ വാർഡ് നം 6,കെട്ടിട നം 419 ൽ ഹോംസ്റ്റേ നടത്തുന്നതിനായി മുഹമ്മദ് ഹാരിസ് എന്നയാൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. ആയുർമന എന്ന ടി സ്ഥാപനത്തിന്റെ ബോർഡുകളിലും പരസ്യചിത്രങ്ങളിലും മറ്റും ആയുർവേദ ചികിത്സയും ആയുർവേദ സുഖചികിത്സയും നടത്തുന്നതായാണ് കാണിച്ചിരിക്കുന്നത്. സെക്രട്ടറി ഇത് പരിശോധിക്കുകയും ആയുർവേദ സുഖചികിത്സ നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഉണ്ടെങ്കിൽ ഇതിനാവശ്യമായുള്ള ലൈസൻസ് എടുപ്പിക്കേണ്ടതും വസ്തുനികുതി ഈടാക്കുമ്പോൾ ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളുടെ നിരക്കായ 150-160/ച.മി എന്ന നിരക്കിൽ അടവാക്കാവുന്നതാണ്.

## 2-6 ഭവനനിധി അക്കൗണ്ട് ആരംഭിച്ച് ലൈഫ് മിഷനുവേണ്ടി ധനസമാഹരണം നടത്തുവാൻ ശ്രമിക്കേണ്ടതാണ്.

മങ്കര ഗ്രാമപഞ്ചായത്തിൽ ഭവനനിധി അക്കൗണ്ട് ആരംഭിക്കുന്നതിനു വേണ്ടി ഭരണസമിതി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും അക്കൗണ്ട് ആരംഭിക്കുകയോ ധനസമാഹരണം നടത്തുകയോ ചെയ്തിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്,വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ,വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ

മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 വസ്തുനികുതിയിന്മേലുള്ള സേവനഉപനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവനഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത ആലോചിക്കാവുന്നതാണ്.

## 2-8 ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം

ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഫോം

വിലയായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ആയത് കൃത്യമാണോ എന്ന് പരിശോധിച്ച് വരികയാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/24.09.2018) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്.

ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കൂടിയ നിരക്കിലുള്ള വാട്ടർടാങ്ക് വാങ്ങിയതിനാൽ നഷ്ടം സംഭവിച്ചിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്

പ്രോജക്ട് നം. SO.020/18 പ്രകാരം എസ്. സി. കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രാജക്ടിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം. /തീയ്യതി | തുക |
|---|---|
| 13/31-3-2018 | 101250 |
| 15/31-3-2018 | 101250 |
| 16/31-3-2018 | 42525 |
| തനത് ഫണ്ടിൽ നിന്നും ചെലവ് | 81675 |

2025രൂ. പദ്ധതി ഫണ്ടും 675രൂ. ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 2700രൂ. വീതം 121 എണ്ണത്തിന് ആകെ 326700 രൂ. ചെലവഴിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പ്രോജക്ടിനായി 500ലിറ്റർ ടാങ്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക(രൂ.) |
|---|---|
| കാരിസ് പൈപ്പ്സ് ആന്റ് ട്യൂബ്സ് പ്രൈ . ലിമിറ്റഡ് | 3400 |
| വിക്ടോറിയ പോളി ഫോം | 1500 (ത്രിവേണി -10വർഷം വാറണ്ടി)<br>2000 (ക്ലാസ്സിക്ക്- 10വർഷം |

| | |
|---|---|
| | വാറണ്ടി)<br>2700 (ഓഷ്യൻ- 10വർഷം വാറണ്ടി)<br>3250 (ഓഷ്യൻ- 2ലെയർ 10വർഷം വാറണ്ടി) |
| എസ്.ആർ. സ്റ്റോർസ്, വെള്ളറോഡ് | 1% കുറവ്(എസ്റ്റിമേറ്റ് നിരക്കിനേക്കാളും) |

വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തിന് ടാങ്കൊന്നിന് 2700രൂ. നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്.

മേല്പറഞ്ഞ പ്രോജക്ടിൽ താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം ടാങ്കൊന്നിന് 2700രൂ. നിരക്കിൽ 185 എണ്ണത്തിന് ആകെ 499500 രൂ. അടങ്കൽ വകയിരുത്തിയിട്ടുണ്ട്. ആയതിനേക്കാളും 1% കുറവിൽ എസ്.ആർ. സ്റ്റോർസ്, വെള്ള റോഡ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തിട്ടും ടി സ്ഥാപനത്തിന് ടെണ്ടർ അംഗികരിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് ടെണ്ടർ നൽകിയത് ക്രമപ്രകാരമല്ല. സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. ആയതിനാൽ ഒരു ടാങ്കിന് 26രൂ. വീതം അധികം നൽകിയതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി 10/ 24-9-2018ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികം നൽകിയ 3146 ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സാധനങ്ങൾ സമാഹിരിക്കുന്നതിന് ഉയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചതിനാൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.അധികം നൽകിയ തുക നിരാകരിക്കുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ നം. 17/18 പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് നിർവ്വഹണത്തിനായി ബിൽ നം.20/15-2-2018പ്രകാരം 282050രൂ. ചെലവഴിച്ചിട്ടുണ്ട്. സാധനങ്ങൾ സമാഹിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും ആയവ സമർപ്പിച്ച നിരക്കുകളും ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കമ്പ്യൂട്ടറിന് രേഖപ്പെടുത്തിയ നിരക്ക് | സിംഗിൾ ഫങ്ഷൻ പ്രിന്ററിന് രേഖപ്പെടുത്തിയ നിരക്ക് | ഡ്യൂപ്ലക്സ് പ്രിന്ററിന് രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| നിസ്ഡൻ ഇൻഫോവേ | 44950 | 7800 | 12990 |
| അക്ഷര എന്റർപ്രൈസസ്, പാലക്കാട് | 44790 | 8200 | 13900 |

അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. പ്രിന്ററിന് (സിംഗിൾ ഫങ്ഷൻ പ്രിന്റർ, ഡ്യൂപ്ലക്സ് പ്രിന്റർ) ടി സ്ഥാപനം ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതിനാൽ പഞ്ചായത്തിന് താഴെപ്പറയും പ്രാകാരം അധികം തുക നൽകേണ്ടി വന്നതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | സിംഗിൾ ഫങ്ഷൻ പ്രിന്ററിന് രേഖപ്പെടുത്തിയ നിരക്ക് | ഡ്യൂപ്ലക്സ് പ്രിന്ററിന് രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| നിസ്ഡൻ ഇൻഫോവേ | 7800 | 12990 |
| അക്ഷര എന്റർപ്രൈസസ്, പാലക്കാട് | 8200 | 13900 |
| വില വ്യത്യാസം | 400 | 1000 |
| എണ്ണം | 2 | 3 |
| അധികം നൽകിയ തുക | 800 | 3000 |
| ആകെ അധികം നൽകിയ തുക | 3800 | |

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. കൂടാതെ ഖ.7-33 (vi-C) പ്രകാരം ടെണ്ടറിൽ എല്ലാ ഇനങ്ങൾക്കുമായോ, ഭാഗികമായോ നിരക്ക് രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നു. ആയതിൽ നിന്നും ഓരോ ഇനത്തിലും ഏറ്റവും കുറവ് രേഖപ്പെടുത്തിയവരെ സെലക്ട് ചെയ്യണം എന്ന്

വ്യക്തമാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി 24/ 27-9-2018ന് ലഭ്യമാക്കിയ മറുപടിയിൽ അക്ഷര എന്റർപ്രൈസസിന്റെ സാധനസാമഗ്രികൾ മെച്ചപ്പെട്ടവയാണ് എന്നതിനാൽ അവിടെ നിന്നും വാങ്ങി എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി മറുപടി പര്യാപ്തമല്ല. ആയതിനാൽ അധികം നൽകിയ 3800രൂ. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ വിതരണം ചെയ്തിട്ടുള്ള കട്ടിലുകൾ നിശ്ചിത മാനദണ്ഡപ്രകാരം ഉള്ളവയല്ല

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. SO 019/18 - വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ടിന് ബിൽ നം. 12/17-18, തീയ്യതി. 31-3-2018 പ്രകാരം 299250 രൂ. ചെലവഴിച്ചിട്ടുണ്ട്. 90 ഗുണഭോക്താക്കൾക്ക് 3325രൂ. വീതം വിലയുള്ള കട്ടിലുകളാണ് വിതരണം നടത്തിയിട്ടുള്ളത്. കൽപ്പടവുകൾ വുഡ്സ് ക്രാഫ്റ്റ്സ് ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനം ആണ് കട്ടിലുകൾ വിതരണം നടത്തിയിട്ടുള്ളത്.

കൂടാതെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 065/18 - വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രോജക്ടിന് ബിൽ നം. 9/17-18, തീയ്യതി. 24-3-2018 പ്രകാരം 230000 രൂ. ചെലവഴിച്ചിട്ടുണ്ട്. 70 ഗുണഭോക്താക്കൾക്ക് 3325രൂ. വീതം വിലയുള്ള കട്ടിലുകളാണ് വിതരണം നടത്തിയിട്ടുള്ളത്. കൽപ്പടവുകൾ വുഡ്സ് ക്രാഫ്റ്റ്സ് ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനം ആണ് കട്ടിലുകൾ വിതരണം നടത്തിയിട്ടുള്ളത്.

സബ്സിഡി മാർഗനിർദേശങ്ങൾ പ്രകാരവും സർക്കാർ ഉത്തരവ് (സാധാ) നം. 2086/17, തസ്വഭവ, തീയ്യതി. 21-6-17 പ്രകാരം തടി കൊണ്ടുള്ള കട്ടിലുകൾക്ക് മുൻകാലിന് 60സെ.മീ. നീളവും പിൻ കാലുകൾക്ക് 50സെ.മീ. നീളവും പ്ലൈവുഡ്ഡിന് 8മി.മീ. കനം വേണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

22-9-2018ന് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനം വിതരണംചെയ്ത കട്ടിലുകൾ പരിശോധിച്ചപ്പോൾ ആയവയുടെ മുൻകാലുകൾക്കും പിൻകാലുകൾക്കും 40സെ.മീ. നീളം വീതം മാത്രമാണ് ഉള്ളതെന്ന് കാണുകയുണ്ടായി. മുകളിലുള്ള പ്ലൈവുഡ്സ് ഷീറ്റിന് 6മി.മീ. കനം മാത്രമാണ് ഉള്ളത്. അംഗീകൃത് സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി കട്ടിലുകൾ വിതരണം ചെയ്തത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി 10/ 24-9-2018ന് ലഭ്യമാക്കിയ മറുപടിയിൽ സാമ്പിൾ സമർപ്പിച്ച് കട്ടിൽ അംഗീകൃത സ്പെസിഫിക്കേഷനിൽ ഉള്ളത് ആയിരുന്നു എന്നും ബാക്കി കട്ടിലുകൾ വിതരണം ചെയ്തപ്പോൾ ഓരോന്നും ശ്രദ്ധിക്കാൻ സാധിച്ചില്ല എന്നും വ്യകതമാക്കിയിട്ടുണ്ട്. സാമ്പിൾ നൽകിയ കട്ടിൽ പിന്നീട് പരിശോധിച്ചപ്പോൾ

മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണ് എന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ കട്ടിൽ വിതരണം ചെയ്ത സ്ഥാപനം നടത്തിയ ക്രമക്കേടുകൾക്ക് ടി സ്ഥാപനത്തിനോട് വിശദീകരണം തേടാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 3-4 കാർഷിക മേഖലയിൽ പ്രൊജക്ടുകൾ നിർവ്വഹണം നടത്തുന്നതിൽ കുറവ്

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ കൃഷിക്ക് അനുയോജ്യമായ 2.8 ഹെക്ടർ തരിശുഭൂമിയിൽ 2 ഹെക്ടർ സ്ഥലത്താണ് നിലവിൽ കൃഷി ചെയ്യുന്നത്. എന്നാൽ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായും തരിശുഭൂമിയിൽ കൃഷി ആരംഭിക്കുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. 14.2.17 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇത്തരം ഭൂമിയിൽ കൃഷിയിറക്കാൻ ഉടമസ്ഥർക്ക് നോട്ടീസ് അയക്കുകയും ഇത്തരം ഭൂമിയിൽ കൃഷിയിറക്കാനുള്ള ബോധവൽക്കരണം നൽകാൻ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നെൽകൃഷിക്ക് കൂലിചെലവ്, പശ്ചിമ ഘട്ട വികസന പദ്ധതി (ചത്തികഴായി നീർത്തടം) എന്നീ 2 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ആവിഷ്കരിച്ച 2 പദ്ധതികളും നിർവഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി അടങ്കലിന്റെ (6651410) 73% തുകയും ചെലവഴിച്ചിട്ടുണ്ട്. കൃഷിക്കനുയോജ്യമായ പ്രകൃതിദത്തമായ സകല കാർഷികാടിസ്ഥാന സൗകര്യവുമുള്ള മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി ദീർഘ വീക്ഷണത്തിലധിഷ്ഠിതമായ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായും കാണുന്നില്ല. തുടർ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മൃഗസംരക്ഷണ മേഖലയിലെ പ്രൊജക്ടുകളുടെ അവലോകനം

മൃഗസംരക്ഷണ മേഖലയിൽ അന്തിമ പദ്ധതിരേഖ പ്രകാരം തൻവർഷം അംഗീകാരം നേടിയ പദ്ധതികൾക്കായി വകയിരുത്തിയ അടങ്കലും യഥാർത്ഥത്തിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരമുള്ള ചെലവും തമ്മിൽ വൻ അന്തരം ഉണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അന്തിമപദ്ധതി രേഖപ്രകാരം വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പട്ടികജാതി വനിതകൾക്ക് ആട് വിതരണം (പ്രൊജക്ട് നമ്പർ-13) | 592500 (402500-വികസനഫണ്ട് 187500-ഗുണഭോക്തൃവിഹിതം 2500-തനത് ഫണ്ട്) | 90000 (67500-വികസനഫണ്ട്, 22500-ഗുണഭോക്തൃ വിഹിതം) | 15 |
| 2 | പശു വളർത്തൽ -എസ്.സി (പ്രൊജക്ട് നമ്പർ-109) | 1400000 (840000-വികസനഫണ്ട്, 560000 -ഗുണഭോക്തൃ വിഹിതം) | 390000 (വികസനഫണ്ട്) | 28 |

27.4.17 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വനിതകൾക്ക് മുട്ടകോഴി വിതരണം, ആട്ട വിതരണം, കറവ പശു വിതരണം (ജനറൽ), പോത്തുകുട്ടിവിതരണം എന്നീ പ്രൊജക്ടുകൾ ഉൾപെടുത്താൻ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് 1129 കുടുംബങ്ങൾ കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും മുട്ടകോഴി വളർത്തൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണവും, പദ്ധതി നടത്തിപ്പിനായി മുന്നോട്ട് വരാനിടയുള്ളവരുടെ എണ്ണവും കണക്കാക്കി പ്രോജക്ട് രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാന വിവരങ്ങൾ പദ്ധതിരൂപീകരണത്തിൽ പരിഗണിക്കപ്പെട്ടില്ല.

പട്ടികജാതി വനിതകൾക്ക് ആട് വിതരണം എന്ന പദ്ധതിക്കായി 592500 രൂപ വകയിരുത്തിയതിൽ 90000 രൂപയും പശു വളർത്തൽ പദ്ധതിക്കായി 1400000 രൂപ വകയിരുത്തിയതിൽ 390000 രൂപയും മാത്രം ചെലവഴിച്ച് പദ്ധതി ഭാഗികമായി നടപ്പിലാക്കുകയാണ് ഉണ്ടായത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1379 പശുക്കളും 535 ആടുകളുമുള്ള പഞ്ചായത്തിൽ ആട് വിതരണം, പശുവളർത്തൽ പദ്ധതിക്കുള്ള വകയിരുത്തൽ കുറച്ച് തീറ്റപുൽകൃഷി, ജലസേചന സൗകര്യം ലഭ്യമാക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

ആസൂത്രണസമിതി, സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, ഗ്രാമസഭാ നിർദ്ദശങ്ങൾ, വികസന സെമിനാർ എന്നിങ്ങനെ വിവിധ ആസൂത്രണഘട്ടങ്ങളിലൂടെ മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുന്നവ. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ ഇതിൽ നിന്നും വിഭിന്നമായി പദ്ധതി നടപ്പിലാക്കപ്പെടുന്നത് ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വന്ന പോരായ്മയാണ്. ആയത് സംബന്ധിച്ച് മോണിറ്ററിംഗ് ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മോണിറ്റർ ചെയ്യുകയോ കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 സ്ഥലം വാങ്ങൽ പ്രോജക്ടുകൾക്ക് റവന്യൂ അധികാരികൾ നിജപ്പെടുത്തിയ നിരക്കിനെക്കാൾ കൂടുതൽ നൽകിയിരിക്കുന്നു. അധികം നൽകിയ തുക നിരാകരിക്കുന്നു

താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രാകാരം സ്ഥലം വാങ്ങിയപ്പോൾ ചെലവഴിച്ച് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നം., പേര് | ചെലവഴിച്ച തുക (രൂ) | ബിൽ വിവരങ്ങൾ | വാങ്ങിയ സ്ഥലത്തിന്റെ അളവ് |
|---|---|---|---|
| 7/18- അത്തിക്കാട് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 120000 | 4/17-8, 30-10-17, 120000രൂ. | 3 സെന്റ് |
| 8/18- മഞ്ഞക്കര അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 120000 | 5/17-8, 30-10-17, 120000രൂ. | 3സെന്റ് |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളുടെ നിർവ്വഹണത്തിന് സ്ഥലങ്ങൾ വാങ്ങുന്നതിന് മുന്നോടിയായി ഗവ. പ്ലീഡറിൽ നിന്നും നിയമഉപദേശവും റവന്യൂ അധികാരികളിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലങ്ങളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ (മഞ്ഞക്കര അങ്കണവാടിക്ക് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിന് നം. 23874254/ 23-3-2017പ്രകാരം നൽകിയത്, അത്തിക്കാട് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിന് നം. 23874204/ 23-3-2017പ്രകാരം ലഭ്യമാക്കിയത് ) ആയവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വിലയെക്കാൾ കൂടിയ നിരക്കിൽ ആണ് റജിസ്ട്രേഷൻ നടത്തി തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു.

| അങ്കണവാടിയുടെ പേര് | സ്ഥലം നൽകുന്ന വ്യക്തിയുടെ പേര് | വാല്യുവേഷൻ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന തുക | നൽകിയ തുക | അധികം സ്ലകിയ തുക |
|---|---|---|---|---|
| അത്തിക്കാട് അംഗൻവാടി | കനകലത | 105000 | 120000 | 15000 |
| മഞ്ഞക്കര അംഗൻവാടി | സുദർശൻ | 105000 | 120000 | 15000 |
| ആകെ | | | | 30000 |

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ

പ്രകാരം റവന്യൂ അധികാരികളിൽ നിന്ന് നിജപ്പെടുത്തുന്ന വിലയാണ് വാങ്ങുന്ന വസ്തുവിന് നൽകേണ്ടത്. സെലേഷ്യം എന്ന രീതിയിൽ അധികം തുക നൽകണമെങ്കിൽ പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന തീരുമാനം എടുക്കണം. എന്നാൽ മേല്പറഞ്ഞ സ്ഥലം വാങ്ങൽ സംബന്ധിച്ച് ലീഗൽ ഓപ്പീനിയൻ ലഭ്യമാക്കുന്നതിന് 22-3-2017ൽ നം 2(12)പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന് ശേഷം ടി സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട് മറ്റ് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. ആയതിനാൽ ഇപ്രകാരം അധികം തുക നൽകിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 24/ 27-9-2018ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികം നൽകിയ 30000രൂ. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 പി.എം.എ.വൈ ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രൊജക്ട് : പി.എം.എ.വൈ ഭവന നിർമ്മാണം

പ്രൊജക്ട് നമ്പർ : 22

നിർവ്വഹണ ഉദ്യോഗസ്ഥനൻ : വി.ഇ.ഒ

അടങ്കൽ : 2,00,000

ചെലവ് : 1,40,000

പി.എം.എ.വൈ ഭവന നിർമ്മാണം (ഗ്രാമപഞ്ചായത്ത് വിഹിതം ) എന്ന പ്രൊജക്ടിനു വേണ്ടി 1,40,000 രൂപ താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് നലകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/17-18 dt 20.10.17 | 1,00,000 |
| 2 | 4/17-18 dt 27.02.18 | 40,000 |

ആയതിൽ 1,20,000 രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ബാക്കി 20,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/28.09.18) ഗുണഭോക്താക്കളിൽ ഒരാൾ വീടിന്റെ പണി പൂർത്തീകരിക്കാത്തതിനാലാണ് 20,000 രൂപ ചെലവഴിക്കാൻ സാധിക്കാത്തത് എന്നും ഉടൻ തന്നെ ടി തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 27 അങ്കണവാടികളിൽ 7 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 12 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 5 അങ്കണവാടികളിൽ മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യം ഉള്ളത്. 7 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ള സൗകര്യമുള്ളത്. 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലർ പ്രകാരം പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അങ്കണവാടികളായ വരതക്കാട്, മാങ്കുറിശ്ശി, പരിയശ്ശേരി, ചേങ്ങോട്ടുതൊടി, കുനിയമ്പാടം എന്നിവയിൽ കെട്ടിടമുണ്ടായിട്ടും നാളിതുവരെയായിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

27.4.17 ന് ചേർന്ന സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ ഉൾപെടുത്താൻ ചർച്ച നടന്നിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

a. സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങാനുള്ള സംവിധാനം ഉണ്ടാക്കുക

b. കെട്ടിടവും സ്ഥലവും ഉള്ള അംഗൻവാടികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി കിണ്ണ നിർമ്മിക്കുക.

c. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ബഡ്സ് സ്കൂൾ പഞ്ചായത്തിൽ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

d. വയറിംഗ് കഴിഞ്ഞ് കണക്ഷൻ ലഭിക്കാത്ത അംഗൻവാടികൾക്ക് കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

e. വയോജനങ്ങൾക്കായി ഒരു സ്നേഹവീട് പദ്ധതി നടപ്പാക്കുക.

f. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ഫാനുകൾ നൽകുക

മേൽ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി യാതൊരു നിർദ്ദേശങ്ങളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ഭരണസമിതിയിലൊ ഉണ്ടായതായി മിനുട്ടസിൽ കാണുന്നില്ല.

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ

ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 14,34,314രൂപ കേന്ദ്ര ഫണ്ടിനത്തിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ആയതിൽ പോഷകാഹാരത്തിനുള്ള തുക മാറ്റി വെച്ച് ബാക്കി തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (17/26.9.18) മേൽ പരാമർശിച്ച വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് ഭരണസമിതി ഉറപ്പ് നൽകിയിട്ടുണ്ടെന്നാണ് മറുപടി സമർപ്പിച്ചത്.

അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം ഫലപ്രദമാണോ എന്ന് ഉറപ്പാക്കേണ്ടതിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 സിദ്ധ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് നാളിതു വരെയായിട്ടും ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ- ആയുർവേദം

പ്രൊജക്റ്റ് നമ്പർ - 103

അടങ്കൽ - 70,000 (പദ്ധതിവിഹിതം -20,000 മെയിന്റൻസ് ഫണ്ട് -നോൺ റോഡ്- 50,000)

ചെലവ് -70,000

സിദ്ധ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം 70,000 രൂപ താഴെ പറയും പ്രകാരം പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-5913005900000015).

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|---|
| 1 | 33/17-18 | 50,000 | 11.10.17 |
| 2 | 34/17-18 | 20,000 | 11.10.17 |
| ആകെ | | 70,000 | |

പ്രസ്തുത തുക നൽകിയതിന്റെ രസീതി ലഭ്യമായിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതു വരെയായിട്ടും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/24.09.18) മരുന്ന് നിർമ്മാണത്തിലെ കാലതാമസം നിമിത്തമാണ് വിതരണം

വൈകിയതെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 13160 ഡി.എ1 തസ്വഭവ28.11.2010 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന് കരാർ ചമയ്ക്കണം.ഈ നിബന്ധന പാലിച്ചിട്ടില്ല. ഡിസ്പൻസറികളിലേക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് , സോഷ്യൽ ഓഡിറ്റ് എന്നിവ നടന്നിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 <u>അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 73 പ്രൊജക്ടുകളിൽ 42 എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 33 | 40 | 73 |
| തുക ചെലവഴിച്ചത് | 27 | 15 | 42 |

രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

*<u>1. കരാർ പ്രകാരമുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം:</u>*

6 സ്പിൽ ഓവർ പ്രവൃത്തികൾക്കായി തുക ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.9/24.09.2018) മറുപടിയിൽ 3 എണ്ണം 2018 മാർച്ച് മാസം പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നു എന്നും ക്യൂ ബില്ലിൽ ഉൾപ്പെട്ടതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ ബില്ലുകൾ പാസായിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികളിൽ രണ്ടെണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചതിന്റെ വിവരം ഖണ്ഡിക 1-8ൽ പരാമർശിച്ചിട്ടുണ്ട്. സ്ഥിരമായി അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാത്ത സാഹചര്യത്തിലാണ് 2016-17ൽ കരാർ ഒപ്പുവെച്ച പ്രവൃത്തികളിൽ ചിലതിന്റെ പൂർത്തീകരണം വൈകിയതെന്നും പൂർത്തീകരണം വൈകിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിഴ ഈടാക്കാതെ തുക കരാറുകാർക്ക് അനുവദിക്കാനും 22.01.2018ലെ (1ാം നമ്പർ തീരുമാനം) പഞ്ചായത്ത് കമ്മറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 6ൽ അനുബന്ധമായി ചേർക്കുന്ന പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായിരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇങ്ങനെയൊരു പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ അനുബന്ധമായി

ചേർക്കുന്നില്ല. പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ ഭാഗമാക്കേണ്ടതാണ്. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും, സ്റ്റാന്റിങ്ങ് കമ്മറ്റിയും, മോണിറ്ററിങ്ങ് കമ്മററിയും ശ്രദ്ധിക്കേണ്ടതാണ്.

*കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം*

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 25ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

*പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കണം*

13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വർഷമായ 2017-18 വർഷത്തെ പ്രൊജക്റ്റുകൾ രൂപീകരിക്കുമ്പോൾ പാലിക്കേണ്ടതിനായി കേരള സർക്കാർ ജി.ഒ(എം.എസ് )നം.72/2017/ത.സ്വ.ഭ.വ., തീയതി: 29-03-2017 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 12.10ൽ റോഡി നിർമ്മാണ പ്രൊജക്റ്റുകൾക്കുള്ള നിബന്ധനകൾ പരാമർശിച്ചിട്ടുണ്ട്. ഇതു പ്രകാരം തയ്യാറാക്കേണ്ട റോഡ് കണക്റ്റിവിറ്റി മാപ്പ് ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയിട്ടില്ല. റോഡ് നിർമ്മാണ പ്രവൃത്തികളുടെ മൺപണിയും, മെറ്റലിങ്ങ് പ്രവൃത്തിയിലും തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല. റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടാറിങ്ങ് പ്രവൃത്തികളിൽ നാറ്റ്പാക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം അവശ്യമായ പ്ലാസ്റ്റിക്ക്, ടാറിൽ ചേർക്കുന്നില്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ മാർഗ നിർദ്ദേശങ്ങൾ പാലിക്കാൻ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 12,61,524/- | 51/18: നെൽകൃഷിക്കുള്ള കൂലി ചെലവ് | 12,61,524/- | 0 |
| ജില്ലാപഞ്ചായത്ത് | 17-18 | 18,02,176/- | 51/18: നെൽകൃഷിക്കുള്ള കൂലി ചെലവ് | 0 | 18,02,176/- |
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 40,000/- | 149/18: പാലിയേറ്റീവ് കെയർ | 40,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 50,000/- | 24/18: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 200,000/- | 100/18: പാലിന് സബ്സിഡി നൽകൽ | 200,000/- | 0 |
| ജില്ലാപഞ്ചായത്ത് | 17-18 | 150,000/- | 100/18: പാലിന് സബ്സിഡി നൽകൽ | 150,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 32,00,000 | 4/18: ജലനിധിക്ക് വിഹിതം നൽകൽ | 32,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 400,000/- | 92/18: കുനിയമ്പാടം അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 400,000/- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KSEB | 153/18: തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്ററിങ്ങ് സ്ഥാപിക്കലും (CFC) | 17140152000500730163/ 25.11.2017 | 10,47,000 | 0 | 10,47,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക റിപ്പോർട്ട് (2013-14) | | 2013-14 | 5.3.5-2 | ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാം വിധം ചെലവഴി ക്കുന്നില്ല | സിറ്റിങ്ങ് കഴിഞ്ഞിട്ടില്ല |
| 2014-15 | 2-1, 2-2 | 2016-17 | 1 | വസ്തു നികുതി | സിറ്റിങ്ങ് കഴിഞ്ഞിട്ടില്ല |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86264215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77104885 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 36946 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 3146 | ശ്രീ. ജയദാസ്.കെ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 3800 | ശ്രീ. ജയദാസ്.കെ, സെക്രട്ടറി |
| 3-6 | | 30000 | ശ്രീ. ജയദാസ്.കെ, സെക്രട്ടറി |
| ആകെ | | 36946 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയദാസ്.കെ, സെക്രട്ടറി | സെക്രട്ടറി, മങ്കര ഗ്രാമ പഞ്ചായത്ത് | ശാന്തി ഭവൻ, മണ്ണൂർ, പാലക്കാട് ജില്ല<br>പിൻ.678642 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി6-629/96/12.11.96 | മുഴുവൻ |
| 97-98 | എൽ.എഫ്.പി7-1015/01/31.10.01 | മുഴുവൻ |
| 98-99 | എൽ.എഫ്.പി 7-610/02/4.9.02 | മുഴുവൻ |
| 99-2000 | എൽ.എഫ്.പി 12-997/03/31.10.02 | മുഴുവൻ |
| 2000-01 | എൽ.എഫ്.പി 12-8/8.5.04(plan) | മുഴുവൻ |
| 2000-01 | എൽ.എഫ്.പി12-453/A/04/12.8.04 | മുഴുവൻ |
| 2001-02 | എൽ.എഫ്.പി12 -453/B/04/ 12.8.04 | മുഴുവൻ |
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | മുഴുവൻ |
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | മുഴുവൻ |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | മുഴുവൻ |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | മുഴുവൻ |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | മുഴുവൻ |
| 2007-08 | എൽ.എഫ്.പി 12-538/09/8.3.11 | മുഴുവൻ |
| 2008-09 | എൽ.എഫ്.പി171365/12/23.12.12 | മുഴുവൻ |
| 2009-10 | എൽ.എഫ്.പി 12-2066/11/23.12.11 | മുഴുവൻ |
| 20010-11 | എൽ.എഫ്.പി 17-1422/13/4.3.14 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | എൽ.എഫ്.പി 17-1175/14/17.7.14 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13 | എൽ.എഫ്.പി 17-636/15/6.7.15 | പുനരഭിപ്രായക്കുറിപ്പ് |
| 2013-14 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പികെഡി-17-2253/2016 /24.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.17-1686/2017 /18.09.2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/1904(53)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തിയതി: 29.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മങ്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂചിപ്പിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി -2016-17 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയും സഞ്ചയയിലെ 2017-18 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2

## ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ

| Mankara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12239367.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 81920.00 |
| 312000000 | Reserves | B-3 | 35111542.00 |
| | Total Reserve & Surplus | | 47432829.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13183210.00 |
| | Total Grants, Contributions for Specific Purposes | | 13183210.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1005725.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1284167.85 |
| | Total Current Liabilities and Provisions | | 2289892.85 |
| | TOTAL LIABILITIES | | 62905932.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 47763538.00 |
| 411000000 | Accumulated Depreciation | B-11 | 16790.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 47780328.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 5721995.00 |
| 450000000 | Cash and Bank Balance | B-17 | 9159330.00 |
| 460000000 | Loand, Advances and Deposits | B-18 | 244279.00 |
| | Total Current Assets, Loans and Advances | | 15125604.00 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 62905932.00 |

| Mankara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2879952.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 651405.00 |
| 140000000 | Fee & User Charges | I-4(b) | 810949.00 |
| 150000000 | Sale & Hire Charges | I-5(b) | 65088.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115185001.00 |
| 171000000 | Interest Earned | I-8 | 45934.00 |
| 180000000 | Other Income | I-9 | 5225.00 |
| | Total Income | | 119643554.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8929167.00 |
| 220000000 | Administrative Expenses | I-11(b) | 910721.00 |
| 230000000 | Operations & Maintenance | I-12(b) | 1548749.00 |
| 240000000 | Interest & Finance Charges | I-13 | 50681.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7773110.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47036344.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1696436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3434928.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 37919520.00 |
| 255000000 | Maintenance Projects | I-14(e) | 11319640.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 502640.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 0.0 |

| | | | |
|---|---|---|---|
| | Subsidies | | |
| | Total Expenditure | | 121121936.00 |
| | Gross Surplus/ Deficit of income over Expenditure | | -1478382.00 |
| 280000000 | Prior Period Item | I-18 | -116780.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1361602.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Mankara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12861446.00 |
| Cash | Cash | RP-40(a) | 122489.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 677550.00 |
| 130000000 | Rental income from Panchayat Properties | RP-3 | 651405.00 |
| 140000000 | Fees & User Charges | RP-4 | 665815.00 |
| 150000000 | Sale & Hire Charges | RP-5 | 65088.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34617195.00 |
| 171000000 | Interest Earned | RP-9 | 45934.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 33302970.00 |
| 350000000 | Other Liabilities | RP-36 | 37250.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5225.00 |
| 340000000 | Deposits Received | RP-34 | 378975.00 |
| 350000000 | Other Liabilities | RP-36 | 215437.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2145664.00 |
| 460000000 | Loans, Advances and Deposits | RP-47 | 471772.00 |
| | Grand total | | 86264215.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3204526.00 |
| 220000000 | Administrative Expenses | RP-12 | 910721.00 |
| 230000000 | Operations & Maintenance | RP-13 | 1548749.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5875289.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 30844597.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1696436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 3434928.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 4791987.00 |
| 255000000 | Maintenance Projects | RP-20 | 11319640.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 12640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 156675.00 |
| 350000000 | Other Liabilities | RP-36 | 4118488.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 50681.00 |
| 311000000 | Earmarked Funds | RP-29 | 3000.00 |
| 340000000 | Deposits Received | RP-34 | 311696.00 |
| 350000000 | Other Liabilities | RP-36 | 1570167.00 |
| 410000000 | Fixed Assets | RP-38 | 1208550.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5312362.00 |
| 460000000 | Loans, Advances and Deposits | RP-47 | 733753.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 9159330.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 86264215.00 |